**പ്രസിദ്ധീകരണത്തിന്**

എയിഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ ആഴ്ചയിൽ 16 മണിക്കൂർ ജോലിയുണ്ടെങ്കിലേ അദ്ധ്യാപകതസ്തിക അനുവദിക്കാവൂ എന്ന് സംസ്ഥാനസർക്കാർ ഉത്തരവ് ഇറക്കിയിരിക്കുകയാണ്. നിലവിൽ 9 മണിക്കൂറിൽ കൂടുതൽ ജോലിഭാരം ഉണ്ടെങ്കിൽ തസ്തിക സൃഷ്ടിക്കാം. ഒരു പി.ജി. കോഴ്സിന് കുറഞ്ഞത് 5 അദ്ധ്യാപകരെ നിയമിക്കാനും വ്യവസ്ഥയുണ്ടായിരുന്നു. പുതിയ ഉത്തരവനുസരിച്ച് ഒരു പി.ജി കോഴ്സിന് അദ്ധ്യാപകരുടെ എണ്ണം അഞ്ചിൽനിന്ന് മൂന്ന് ആകും.

നിലവിലുള്ള രീതി തുടരുകയാണെങ്കിൽ കൂടുതൽ സാമ്പത്തികബാദ്ധ്യത വരുമെന്നാണ് സർക്കാരിന്റെ വാദം. നിലവിലുള്ള നിയമപ്രകാരം 16 മണിക്കൂർ ജോലിഭാരം ഇല്ലാത്ത തസ്തികയിൽ നിയമിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപകരുടെ നിയമനം അംഗീകരിച്ചു കിട്ടിയിട്ടുണ്ടെങ്കിൽ അവരെ സൂപ്പർ ന്യൂമററി ആയി കരുതുമെന്നും ഉത്തരവിൽ പറയുന്നു. ഇത്തരം അദ്ധ്യാപകർ വിരമിക്കുകയോ ജോലി രാജിവയ്ക്കുകയോ മറ്റേതെങ്കിലും രീതിയിൽ തസ്തിക ഒഴിവുവരുകയോ ചെയ്താൽ അത്തരം സ്ഥിരംതസ്തിക അതോടെ ഇല്ലാതാകുമെന്നും പറയുന്നു. ഈ ഉത്തരവിന് 2018 മെയ് 9 മുതൽ മുൻകാലപ്രാബല്യവും നല്കിയിരിക്കുകയാണ്.

ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് നമ്മുടെ സംസ്ഥാനത്ത് വർഷങ്ങളായി നടന്നുവരുന്ന നിയമനരീതിക്കാണ് ഇത്തരം ഒരു മാറ്റം വരുത്തിയിരിക്കുന്നത്. ഇത് നമ്മുടെ കോളേജുകളുടെ അദ്ധ്യയനനിലവാരത്തെയും നിലനില്പിനെത്തന്നെയും സാരമായി ബാധിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. ഇങ്ങനെയൊരു മാറ്റം വരാൻപോകുന്നു എന്നുള്ള അഭ്യൂഹങ്ങൾ ഇതിനുമുമ്പ് പലപ്പോഴും ഉണ്ടായപ്പോഴെല്ലാം അതിനെതിരെ ശക്തമായ എതിർപ്പുകൾ ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉയർന്നിട്ടുള്ളതാണ്. ആ സാഹചര്യത്തിൽ മാനേജ്മെന്റുകളുമായും അദ്ധ്യാപകസംഘടനകളുമായും ചർച്ച നടത്തി വ്യക്തമായ ഒരു ധാരണ ഉണ്ടാക്കാതെ ഇത്തരം ഒരു തീരുമാനം പൊടുന്നനെ എടുക്കുമെന്ന് ആരും കരുതിയിരുന്നില്ല.

എയിഡഡ് കോളേജുകൾ ഉൾപ്പെടുന്ന കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗം മറ്റുള്ള സംസ്ഥാനങ്ങളിൽനിന്നും വളരെ വ്യത്യസ്തമാണ് എന്ന കാര്യം സർക്കാർ ഓർക്കേണ്ടതാണ്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്തിന്റെ സുഗമമായ നടത്തിപ്പിന് തുരങ്കം വയ്ക്കുന്ന ഇത്തരം ഒരു ഉത്തരവ്, യാതൊരു കാരണവശാലും ഇറങ്ങാൻ പാടില്ലായിരുന്നു; പ്രത്യേകിച്ച് നമ്മുടെ നാട് മുമ്പൊരിക്കലും ഉണ്ടാകാത്തവിധത്തിലുള്ള പ്രതിസന്ധി നേരിടുന്ന ഈ സമയത്ത്.

ഏകഅദ്ധ്യാപകനുള്ളതും 16 മണിക്കൂറിൽ താഴെ വർക്ക്ലോഡ് ഉള്ളതുമായ വിഷയങ്ങൾക്ക് എന്നെന്നേക്കുമായി അദ്ധ്യാപകതസ്തിക നഷ്ടമാകുന്ന അവസ്ഥ ഉണ്ടാവുകയും അത് കോളേജുകളുടെ അദ്ധ്യയനനിലവാരം തകർക്കുകയും ചെയ്യും. ഉന്നതവിദ്യാഭ്യാസം നേടി തൊഴിലില്ലാതെ അലയുന്ന ഒട്ടേറെ ചെറുപ്പക്കാരുടെ തൊഴിലസവരം നഷ്ടമാകാനും ഇത് ഇടവരുത്തും എന്ന കാര്യം സർക്കാർ ഓർക്കണം. ഇതിൻമേൽ ഒരു പുനഃപരിശോധനയ്ക്ക് സർക്കാർ തയ്യാറാകേണ്ടതാണ്. അല്ലാത്തപക്ഷം ഇതിനെതിരെ യുക്തമായ നിലപാടുകൾ സ്വീകരിക്കേണ്ടതായിവരും.

പെരുന്ന
2.4.2020

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി